"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജനകീയാസൂത്രണം ജില്ലാ ഫെസിലിറ്റേറ്റർ സ്ഥാനത്ത് നിന്നും ഒഴിവാകുന്നതിന് പത്തനംതിട്ട, കൊല്ലം ജില്ലകളിലെ ഫെസിലിറ്റേറ്റർമാർ സമർപ്പിച്ച രാജി അപേക്ഷ സ്വീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2892/2025/LSGD തീയതി,തിരുവനന്തപുരം, 29-11-2025

---

പരാമർശം:-
1. സ.ഉ.(സാധാ)നം.1563/2021/തസ്വഭവ; തീയതി 13.08.2021
2. പത്തനംതിട്ട ജില്ലയിലെ ജനകീയാസൂത്രണം ജില്ലാ ഫെസിലിറ്റേറ്റർ ശ്രീ. എ.ആർ. അജീഷ് കുമാർ സമർപ്പിച്ച 17.11.2025ലെ രാജി അപേക്ഷ
3. കൊല്ലം ജില്ലയിലെ ജനകീയാസൂത്രണം ജില്ലാ ഫെസിലിറ്റേറ്റർ ശ്രീ. പി. അനിൽകുമാർ ഇമെയിൽ മുഖേന സമർപ്പിച്ച 19.11.2025ലെ രാജി അപേക്ഷ
4. കില ഡയറക്ടർ ജനറലിന്റെ 20.11.2025ലെ 2024/8923/HQ നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ജനകീയാസൂത്രണ പരിപാടിയുടെ പ്രവർത്തനം തൃപ്തികരമായി നടപ്പിലാക്കുന്നതിനും അത്തരം പ്രവർത്തനങ്ങളുടെ സംഘാടനം, ഏകോപനം, ഫെസിലിറ്റേഷൻ എന്നിവ ഉറപ്പുവരുത്തുന്നതിനുമായി പരാമർശം 1 പ്രകാരം ജില്ലാതല ഫെസിലിറ്റേറ്റർമാരെ നിയമിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ശ്രീ. എ.ആർ. അജീഷ് കുമാർ (അനിൽ നിവാസ്, കടമ്പനാട് നോർത്ത്, പത്തനംതിട്ട), ശ്രീ. അനിൽകുമാർ പി. (ജ്യോതി ഭവൻ, അറക്കൽ, പെരുമണ്ണൂർ പി.ഒ., വാളകം, കൊല്ലം) - എന്നിവരെ യഥാക്രമം പത്തനംതിട്ട, കൊല്ലം ജില്ലകളിൽ ജനകീയാസൂത്രണം ജില്ലാ ഫെസിലിറ്റേറ്റർമാർ ആയി പരാമർശം (1) പ്രകാരം നിയമിച്ചിരുന്നു.

2. തദ്ദേശ ഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിൽ പത്തനംതിട്ട ജില്ലയിലെ കടമ്പനാട് ഗ്രാമപഞ്ചായത്ത് വാർഡ്-1-ൽ (ഗണേശവിലാസം) സ്ഥാനാർത്ഥിയായി മത്സരിക്കുന്ന സാഹചര്യത്തിൽ പത്തനംതിട്ട ജില്ലയിലെ ജനകീയാസൂത്രണം ജില്ലാ ഫെസിലിറ്റേറ്റർ ചുമതലയിൽ നിന്നും ശ്രീ. എ.ആർ. അജീഷ് കുമാർ പരാമർശം 2 പ്രകാരം രാജി സമർപ്പിച്ചിട്ടുണ്ട്. അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതിയിലേക്ക് മൽസരിക്കുന്നതിന് കൊല്ലം ജില്ലയിലെ ജനകീയാസൂത്രണം ജില്ലാ ഫെസിലിറ്റേറ്റർ ചുമതലയിൽ നിന്നും ശ്രീ. പി. അനിൽകുമാർ പരാമർശം 3 പ്രകാരവും രാജി സമർപ്പിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, പത്തനംതിട്ട ജില്ലയിലെ ജനകീയാസൂത്രണം ജില്ലാ ഫെസിലിറ്റേറ്റർ സ്ഥാനത്ത് നിന്നും ഒഴിവാകുന്നതിന് ശ്രീ. എ.ആർ. അജീഷ് കുമാർ സമർപ്പിച്ച രാജി അപേക്ഷയും, കൊല്ലം ജില്ലയിലെ ജനകീയാസൂത്രണം ജില്ലാ ഫെസിലിറ്റേറ്റർ ചുമതലയിൽ നിന്നും ഒഴിവാകുന്നതിന് ശ്രീ. പി. അനിൽകുമാർ സമർപ്പിച്ച രാജി അപേക്ഷയും സ്വീകരിച്ചുകൊണ്ടും, ഇവരെ തൽസ്ഥാനത്ത് നിന്നും വിടുതൽ ചെയ്തുകൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

മധുസൂദനൻ വി

അണ്ടർ സെക്രട്ടറി

1. ശ്രീ. എ.ആർ. അജീഷ് കുമാർ, അനിൽ നിവാസ്, കടമ്പനാട് നോർത്ത്, പത്തനംതിട്ട - 691552
2. ശ്രീ. അനിൽകുമാർ പി. ,ജ്യോതി ഭവൻ, അറക്കൽ, പെരുമണ്ണൂർ പി.ഒ., വാളകം, കൊല്ലം - 691532
3. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
4. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
5. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
6. ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷർ, പത്തനംതിട്ട/കൊല്ലം
7. ജില്ലാകളക്ടർമാർ, പത്തനംതിട്ട/കൊല്ലം
8. ജില്ലാ പ്ലാനിംഗ് ഓഫീസർമാർ, പത്തനംതിട്ട/കൊല്ലം
9. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
10. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
11. ഡയറക്ടർ ജനറൽ, കില
12. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
13. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
14. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
15. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 29-11-2025 15:13:14

സെക്ഷൻ ഓഫീസർ